**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:10.06.2025**

## പ്രധാനവാർത്തകൾ

1) കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട ചരക്കുകപ്പലിലെ തീ അണയ്ക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. നിലവിൽ തീ നിയന്ത്രണ വിധേയമല്ല. കാണാതായ നാല് പേർക്കായി തിരച്ചിൽ തുടരുന്നു.
2) ഭീകരതയ്ക്ക് എതിരായ ഇന്ത്യയുടെ നിലപാടിന് ലോകരാജ്യങ്ങളിൽ നിന്ന് വലിയ പിന്തുണ ലഭിച്ചതായി കോൺഗ്രസ് എംപി ശശി തരൂർ.
3) നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ.
4) വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ കേന്ദ്ര ചട്ടങ്ങളിൽ ഇളവ് വരുത്തണമെന്ന് വനം മന്ത്രി എ കെ ശശീന്ദ്രൻ.
5) കേരളത്തിൽ കാലവർഷം വീണ്ടും സജീവമാകുന്നു. മറ്റന്നാൾ മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യത.

&&&&&&&&&&&&&&&&&&&

RNU TVPM

കപ്പൽ അപകടം (ഇൻട്രോ)

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട സിംഗപ്പൂർ ചരക്കുകപ്പൽ വാൻഹായി-503 ലെ തീ അണയ്ക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. നിലവിൽ തീ നിയന്ത്രണ വിധേയമല്ല. കനത്ത പുക കപ്പലിന് ചുറ്റും രൂപപ്പെട്ടിട്ടുണ്ട്. കോസ്റ്റ് ഗാർഡ് കപ്പലുകൾ തീ അണയ്ക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. നാവികസേനാ കപ്പലുകളായ ഐഎൻഎസ് സൂറത്തും, ഐഎൻഎസ് സത്ലജും ഡോണിയർ വിമാനങ്ങളും ദൗത്യത്തിൽ പങ്കെടുക്കുന്നുണ്ട്. കപ്പൽ കമ്പനിയുടെ സാൽവേജ് ടീമും സ്ഥലത്തെത്തി. കപ്പലിലെ 18 ജീവനക്കാരെ ഇന്നലെ രക്ഷിച്ച് മംഗലാപുരം തീരത്തെത്തിച്ചിരുന്നു. കാണാതായ നാല് ജീവനക്കാർക്കായി തിരച്ചിൽ തുടരുകയാണ്. കപ്പലിലെ ചില കണ്ടെയിനറുകളിൽ വേഗത്തിൽ തീപിടിക്കുന്ന തരം ദ്രാവകങ്ങളും അപകടകരമായ വസ്തുക്കളുമാണുള്ളത്. കടലിൽ വീണ കണ്ടെയ്നറുകളിൽ

ചിലത് തകർന്നിട്ടുണ്ട്. കൊളംബോയിൽ നിന്ന് മുംബൈയിലേക്ക് പോകുകയായിരുന്ന കപ്പലിനാണ് അഴീക്കലിൽ നിന്ന് 44 നോട്ടിക്കൽ മൈൽ പടിഞ്ഞാറായി, ഇന്നലെ രാവിലെ 9.50 ഓടെ തീപിടിച്ചത്. കപ്പൽ അപകടത്തിൻറെയും, രക്ഷാദൗത്യത്തിൻറെയും വിശദാംശങ്ങൾ ഡിഫൻസ് പിആർഒ അതുൽ പിള്ള ആകാശവാണിയുമായി പങ്കുവയ്ക്കുന്നു.

RIJU TVPM

(ഹോൾഡ്)

&&&&&&&&&&&&&&&&&&&

**ശശി തരൂർ (ഇൻട്രോ)**

ഭീകരതയ്ക്ക് എതിരായ ഇന്ത്യയുടെ നിലപാടിന് ലോകരാജ്യങ്ങളിൽ നിന്ന് വലിയ പിന്തുണ ലഭിച്ചതായി കോൺഗ്രസ് എംപി ശശി തരൂർ. ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട ഇന്ത്യയുടെ സന്ദേശം ലോകരാജ്യങ്ങൾക്ക് സ്പഷ്ടമായി കൈമാറാൻ സർവകക്ഷി പ്രതിനിധി സംഘത്തിന് സാധിച്ചതായും അദ്ദേഹം പറഞ്ഞു. അമേരിക്ക ഉൾപ്പെടെ 5 രാജ്യങ്ങളിൽ പര്യടനം പൂർത്തിയാക്കി മടങ്ങിയെത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ദൗത്യം വിജയകരമായിരുന്നുവെന്നും ഭാരതീയൻ എന്ന നിലയിലുള്ള കടമയാണ് നിർവഹിച്ചതെന്നും ശ്രീ ശശി തരൂർ വ്യക്തമാക്കി.

RNU TVPM

(ഹോൾഡ്)

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തുമെന്നും, സന്ദർശനം സംബന്ധിച്ച റിപ്പോർട്ട് അദ്ദേഹത്തിന് കൈമാറുമെന്നും ശ്രീ ശശി തരൂർ അറിയിച്ചു.

&&&&&&&&&&&&&&&&&&&

**നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് (ഇൻട്രോ)**

നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. എൽഡിഎഫിൻറെ എം സ്വരാജ്, യുഡിഎഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎയുടെ മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ എന്നിവരാണ് മത്സരരംഗത്തെ പ്രമുഖർ. ഈ മാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു..**

**(വോയിസ്)**

&&&&&&&&&&&&&&&&&&&

**എ കെ ശശീന്ദ്രൻ.**

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ കേന്ദ്രം ചട്ടങ്ങളിൽ ഇളവ് വരുത്തുകയാണ് വേണ്ടതെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. അക്രമകാരികളായ വന്യമൃഗങ്ങളെ കൊല്ലാൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടെന്ന കേന്ദ്രമന്ത്രി ഭൂപേന്ദ്ര യാദവിൻ്റെ പ്രസ്താവനയ്ക്കെതിരെ പ്രതികരിക്കുകയായിരുന്നു മന്ത്രി. 1972 ലെ കേന്ദ്ര നിയമത്തിലെ ചട്ടങ്ങൾ പ്രകാരമേ സംസ്ഥാനത്തിന് പ്രവർത്തിക്കാൻ കഴിയൂ എന്നും ഇതിൽ കേന്ദ്രമാണ്

PNU TVPM

ഭേദഗതി വരുത്തേണ്ടതെന്നും വനം മന്ത്രി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&

## കുട്ടികളുടെ കണക്കെടുപ്പ്

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഈ അധ്യയന വർഷത്തിലെ വിദ്യാർത്ഥികളുടെ കണക്കെടുപ്പ് ആറാം പ്രവൃത്തിദിനമായ ഇന്ന് നടന്നു. കുട്ടികളുടെ എണ്ണം പെരുപ്പിച്ചു കാണിക്കുന്നതും, ഇരട്ടിപ്പും ഒഴിവാക്കാൻ ആധാർ അടിസ്ഥാനമാക്കിയായിരുന്നു വിവര ശേഖരണം. ഈ കണക്കുകളുടെ അടിസ്ഥാനത്തിലാണ് തസ്തിക നിർണയം നടത്തുക. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ പത്തു വരെ ക്ലാസുകളിലെ കുട്ടികളുടെ വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 'സമ്പൂർണ ' പോർട്ടൽ വഴിയാണ് ശേഖരിച്ചത്.

PNJUTVPM

&&&&&&&&&&&&&&&&&&&

## ആക്സിയം-4

ആക്സിയം-4 ബഹിരാകാശ ദൗത്യം നാളെ വൈകുന്നേരം 5.30-ന് വിക്ഷേപിക്കും. ഇന്ത്യക്കാരനായ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശയാത്രികരാണ് 14 ദിവസത്തെ ദൗത്യത്തിനായി പുറപ്പെടുന്നത്. അമേരിക്കയിലെ

കെന്നഡി സ്പെയ്സ് സെന്ററിൽ നിന്നും, സ്പെയ്സ് എക്സിന്റെ ഡ്രാഗൺ പേടകമാണ് യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിക്കുന്നത്.

&&&&&&&&&&&&&&&&&&&

**ജൻമൻ സർവേ**

മോദി സർക്കാരിൻറെ 11-◌ാ◌ം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന ജൻമൻ സർവേയ്ക്ക് മികച്ച ജനപ്രതികരണം. നമോ അപ്പിലൂടെയുള്ള സർവേയിൽ ഒരു ദിവസംകൊണ്ട് 5 ലക്ഷം പേരാണ് പങ്കെടുത്തത്. സർക്കാരിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ഇതിലൂടെ പങ്കുവയ്ക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ ജനങ്ങളോട് അഭ്യർത്ഥിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

**ദൂരദർശൻ**

ദൂരദർശൻ ന്യൂസ് സീനിയർ കറസ്പോണ്ടൻറ് തസ്തികയിലേക്കുള്ള കരാർ നിയമനത്തിനായി അപേക്ഷിക്കാൻ നാളെ വരെ അവസരം. തിരുവനന്തപുരം, പനാജി, ചെന്നൈ, ഹൈദരാബാദ് എന്നിവിടങ്ങളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. applications.prasarbharati.org എന്ന വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാം

RNU TVPM

&&&&&&&&&&&&&&&&&&

**ട്രോളിങ്ങ് നിരോധനം**

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം നിലവിൽവന്നു. ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസം നീളുന്ന ട്രോളിങ് നിരോധനത്തിനാണ് ഇന്ന് തുടക്കമായത്. ട്രോളിങ് ബോട്ടുകൾ കടലിൽ പോകുന്നത് തടയുന്നതിനായി ഫിഷറീസ് അധികൃതർ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**മഴ ജാഗ്രത**

കേരളത്തിൽ കാലവർഷം വീണ്ടും സജീവമാകുന്നു. അടുത്ത 7 ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്നും നാളെയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം , എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. സംസ്ഥാനത്ത് ഈ മാസം 12 മുതൽ 14 വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മറ്റന്നാൾ ഓറഞ്ച് അലെർട്ട് പ്രഖ്യാപിച്ചു. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മറ്റന്നാൾ മുതൽ ഈ മാസം 14 വരെ മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്കേർപ്പെടുത്തി.

RIIUTVPM

&&&&&&&&&&&&&&&&&&&

## വിഴിഞ്ഞം- മൃതദേഹം

തിരുവനന്തപുരം വിഴിഞ്ഞത്ത് കഴിഞ്ഞ മാസം 30 ന് വള്ളം മറിഞ്ഞ് കാണാതായ മത്സ്യത്തൊഴിലാളി സ്റ്റെല്ലസിൻറെ മൃതദേഹം തമിഴ്നാട് രാമേശ്വരത്ത് നിന്ന് കണ്ടെത്തി. ബന്ധുക്കൾ മൃതദേഹം തിരിച്ചറിഞ്ഞു. വള്ളത്തിലുണ്ടായിരുന്ന അഞ്ച് പേരിൽ മൂന്നുപേർ നീന്തി രക്ഷപെടുകയും ഒരാളുടെ മൃതദേഹം പൂവാർ തീരത്ത് നിന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&&

## അപകടം

ഖത്തറിൽ നിന്ന് കെനിയയിലേക്ക് വിനോദയാത്ര പോയ സംഘം സഞ്ചരിച്ച ബസ് അപകടത്തിൽപെട്ട് അഞ്ച് മലയാളികൾ ഉൾപ്പെടെ ആറ് പേർ മരിച്ചു. ബസ് നിയന്ത്രണം തെറ്റി താഴ്ചയിലേക്ക് മറിഞ്ഞുള്ള അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## വികസിത് കൃഷി സങ്കല്പ് അഭിയാൻ

വികസിത് കൃഷി സങ്കല്പ് അഭിയാൻ യാത്ര കോഴിക്കോട് ജില്ലയിലെ മേലടി ബ്ലോക്കിൽ ഇന്ന് പര്യടനം

നടത്തി. തിക്കോടി പയ്യോളി എന്നിവിടങ്ങളിൽ ബോധവത്കരണ പരിപാടികളും നടന്നു. കാമ്പയിനിലൂടെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം ഈ മാസം 12 വരെ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ കർഷകരെ നേരിൽ കണ്ട് സംവദിക്കും.

&&&&&&&&&&&&&&&&&&

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. സെൻസെക്സ് 53 പോയിൻറ് നഷ്ടത്തിൽ 82,392 ലും, നിഫ്റ്റി ഒരു പോയിൻറ് ഉയർന്ന് 25,104 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കുറഞ്ഞു. ഗ്രാമിന് 10 രൂപ കുറഞ്ഞ് 8,945 രൂപയും പവന് 71,560 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

&&&&&&&&&&&&&&&&&&

## കഞ്ചാവുമായി എത്തിയ സംഘം പിടിയിലായി.

ആന്ധ്രാ പ്രദേശിൽ നിന്നും കേരളത്തിലേയ്ക്ക് കഞ്ചാവുമായി എത്തിയ നാലംഗ സംഘം തമിഴ്നാട്ടിൽ പോലീസിൻ്റെ പിടിയിലായി. 22 കിലോ കഞ്ചാവുമായെത്തിയ, മൂന്ന് സ്ത്രീകൾ ഉൾപ്പടെയുള്ള സംഘത്തെ കമ്പം നോർത്ത് പോലീസാണ് അറസ്റ്റ് ചെയ്തത്.

&&&&&&&&&&&&&&&&&&&

പിഴ ഈടാക്കി.

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് അശാസ്ത്രീയമായി മാലിന്യം കത്തിക്കുന്നുവെന്ന പ്രദേശവാസികളുടെ പരാതിയെ തുടർന്ന് മാലിന്യ സംസ്കരണത്തിന് കരാർ ഏറ്റെടുത്ത അമേർ & അലേറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് 10,000 രൂപ പിഴ ഈടാക്കി.

കീഴല്ലൂർ ഗ്രാമപഞ്ചായത്ത് വിജിലൻസ് സ്ക്വാഡ് ആണ് പിഴ ഈടാക്കിയത്.

RNUTVPM

&&&&&&&&&&&&&&&&&&&

മനുഷ്യാവകാശ കമ്മീഷൻ

നിലമ്പൂർ വഴിക്കടവിൽ പന്നിക്കെണിയിൽ നിന്നും ഷോക്കേറ്റ് വിദ്യാർത്ഥി മരിച്ച സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു. സംഭവത്തിൽ ജില്ലാ പോലീസ് മേധാവിയും, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&

കോവിഡ്

പ്രായമായവരിലും മറ്റ് അനുബന്ധ രോഗമുള്ളവരിലും കോവിഡ് ഗുരുതരമാകുന്നു എന്നതിനാൽ പ്രത്യേകം ശ്രദ്ധിക്കമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പൊതുയിടങ്ങളിലും യാത്രകളിലും മാസ്ക് ധരിക്കണം. ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ പകരുന്ന ഒമിക്രോൺ ജെഎൻ 1 വകഭേദങ്ങളായ എൽഎഫ് 7, എക്സ്.എഫ്.ജി. ആണ് കേരളത്തിൽ കൂടുതലായി കണ്ട് വരുന്നത്. ഈ വകഭേദങ്ങൾക്ക് തീവ്രത കൂടുതലല്ലെങ്കിലും രോഗ വ്യാപന ശേഷി കൂടുതലാണ്. സംസ്ഥാനത്ത് നിലവിൽ 2223 കോവിഡ് ആക്ടീവ് കേസുകളാണുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

RNUTVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&